**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3066** **07-10-2025 - ൽ മറുപടിയ്ക്ക്**

**കടവത്ത് വയൽ തോടിന് കുറുകെയുള്ള തടയണ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാപ്പിനിശ്ശേരി പഞ്ചായത്തിലെ കടവത്ത് വയൽ തോടിന് കുറുകെയുള്ള തടയണ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | കല്ല്യാശ്ശേരി നിയോജക മണ്ഡലം പരിധിയിൽ പാപ്പിനിശ്ശേരി പഞ്ചായത്തിൽ കടവത്ത് വയൽ തോടിന് കുറുകെ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിനായി കരാറുകാരന് സൈറ്റ് കൈമാറിയിരുന്നെങ്കിലും നിർദിഷ്ട സ്ഥാനത്ത് തടയണ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകാൻ ഭൂവുടമസ്ഥർ വിസമ്മതിച്ചതിനെ തുടർന്ന് പ്രസ്തുത ഭാഗത്തെ തോട്, Revenue രേഖകൾ പ്രകാരം മാർക്ക് ചെയ്തു നൽകുന്നതിന് താലൂക്ക് സർവേയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർവ്വേ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. ഇക്കാലയളവിൽ നിർദിഷ്ട സ്ഥാനത്ത് തടയണ നിർമ്മിക്കുന്നതിന് പൊതുജന വിയോജിപ്പ് ഉയർന്നതിനാൽ പകരം അനുയോജ്യമായ സ്ഥാനം കണ്ടെത്തുന്നതിന് എം.എൽ.എ., പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ ഉൾപ്പെടെ സംയുക്ത സ്ഥല പരിശോധന നടത്തിയിരുന്നെങ്കിലും അനുയോജ്യമായ സ്ഥാനം ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല.<br><br>പ്രവൃത്തി നിർവ്വഹണം നീണ്ടുപോകുന്ന സാഹചര്യത്തിൽ ഇക്കാലയളവിലുണ്ടായ സാധന സാമഗ്രികളുടെ വില വർധനവും സ്ഥലപരിമിതിയും നിലവിൽ ഗതാഗതയോഗ്യമായ വഴിയുടെ അപര്യാപ്തതയും കണക്കിലെടുത്തു ഉടമ്പടി പ്രകാരം നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി നടത്താൻ സാധിക്കില്ലെന്ന് ചൂണ്ടിക്കാട്ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിന് കരാറുകാരൻ ഉചിതമാർഗ്ഗേന കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ